**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 336** **28-10-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറിമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രധാന കണ്ടെത്തലുകൾ എന്ന് വിശദമാക്കുമോ; ഈ മേഖലയെ കോവിഡ് എങ്ങിനെ ബാധിച്ചുവെന്ന് പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു. 1)പ്രവർത്തനമൂലധനത്തിന്റെ അഭാവം 2)അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലയിലുള്ള വ്യതിയാനവും 3)യന്ത്രത്തറികളുടെയും വ്യാജ ഉൽപ്പന്നങ്ങളുടെയും കടന്നു വരവ് 4)ഉല്പന്ന വൈവിധ്യവൽക്കരണത്തിന്റെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും അഭാവം 5)അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളുടെ വരവ് കൈത്തറി മേഖലയെ കോവിഡ് എങ്ങനെ ബാധിച്ചുവെന്ന് പഠന വിധേയമാക്കിയിട്ടില്ല. കോവിഡ് 19 മഹാമാരി മൂലം കൈത്തറി മേഖലയിൽ നൂൽ, ചായം എന്നിവയുടെ ക്ഷാമം, തൊഴിൽ നഷ്ടം, വിപണന കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ ഹാന്റക്സിന്റെ വിൽപ്പനയിൽ 75% കുറവു സംഭവിച്ചിട്ടുണ്ട്. കോവിഡ് മൂലമുണ്ടായ ലോക്ക്ഡൗൺ കാരണം ഷോറൂമുകൾ കൃത്യമായി തുറക്കാൻ പറ്റാതിരുന്നതിനാലും സ്കൂൾ യൂണിഫോം വിൽപ്പന നടക്കാതിരുന്നതിനാലും ഹാൻവീവിന്റെ വിപണന മേഖല ഏറെ പ്രതി സന്ധിയിലൂടെയാണ് കടന്നുപോയത്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ പുന:രാരംഭിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ മന്ദഗതിയിലായ വിപണനം മെച്ചപ്പെടുത്തുന്നതിനായി 2020-21 സാമ്പത്തിക വർഷം 50 ദിവസത്തെ സ്പെഷ്യൽ റിബേറ്റ് അധികമായി അനുവദിച്ച് നൽകി. നെയ്ത്തുകാർക്ക് ക്ഷേമനിധി ബോർഡു വഴി ധനസഹായ വിതരണം നടത്തിയിട്ടുണ്ട്. വിവിധ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ പ്രകാരമുള്ള ഫണ്ട് അടിയന്തിരമായി നെയ്ത്തുകാർക്കും സംഘങ്ങൾക്കും അനുവദിച്ച് നൽകി. കൂടാതെ, കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റയിൽസ് മേഖലയുടെ പുനരുദ്ധാരണത്തിനായി 7435 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജിന് അംഗീകാരം നൽകിയിട്ടുമുണ്ട്. |
| (ബി) | വ്യാജ കൈത്തറി വസ്തുങ്ങളുടെ കടന്നുകയറ്റം പ്രസ്തുത മേഖലയെ പ്രതിസന്ധിയിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈത്തറി എന്ന വ്യാജേന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച "ഹാന്റ്ലൂം മാർക്ക് " കൈത്തറി വസ്തുങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | മറ്റ് സംസ്ഥാനത്ത് നിന്നും യന്ത്രത്തറികളിൽ നിർമ്മിച്ചതും ഗുണനിലവാരം കുറഞ്ഞതുമായ ഉല്പന്നങ്ങൾ കൈത്തറിയാണെന്ന പേരിൽ വിൽപ്പന നടത്തുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | ഉപഭോക്താക്കൾക്ക് കൈത്തറി വസ്തുങ്ങൾ തിരിച്ചറിയുന്നതിനും, കൈത്തറി എന്ന വ്യാജേന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനും കേന്ദ്രസർക്കാർ ആവിഷ്കരിച്ച "ഹാന്റ്ലൂം മാർക്ക് " കൈത്തറി വസ്തുങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ഹാന്റ്ലൂം മാർക്ക് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക കൈത്തറി സംഘങ്ങൾക്കും, ഹാന്റക്സിനും ഹാൻവീവിനും ആണ് കൈത്തറി വകുപ്പിൽ നിന്നുള്ള വിവിധ പദ്ധതികൾ വഴിയുള്ള ധനസഹായങ്ങൾ ലഭ്യമാക്കുന്നത്. കൂടാതെ ഹാന്റ്ലൂം മാർക്ക് പതിപ്പിച്ച ഉൽപ്പന്നങ്ങൾക്ക് മാത്രമേ റിബേറ്റ് നൽകി വരുന്നുള്ളൂ. കൈത്തറി ഡയറക്ടറേറ്റിൽ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. എല്ലാ പവർലൂം സംഘങ്ങളിലും പരിശോധന നടത്തി കൈത്തറി മേഖലയ്ക്കായി മാത്രം റിസർവ്വ് ചെയ്യപ്പെട്ട ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും അങ്ങനെ നിർമ്മിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിംഗ്, ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ ഇവ നൽകുന്നതു വഴിയും വ്യാജ ഉല്പന്നങ്ങളെ തടയുവാൻ സാധിക്കുന്നതാണ്. |
| (ഡി) | യഥാർത്ഥ കൈത്തറി വസ്തുങ്ങൾ തിരിച്ചറിയുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഹാൻഡ്ലൂം മാർക്കിന്റെ മാതൃകയിൽ ഒരു തിരിച്ചറിയൽ അടയാളം കൈത്തറി വസ്തുങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉപഭോക്താക്കൾക്ക് കൈത്തറി വസ്തുങ്ങൾ തിരിച്ചറിയുന്നതിനും, കൈത്തറി എന്ന വ്യാജേന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനും കേന്ദ്രസർക്കാർ ആവിഷ്കരിച്ച "ഹാന്റ്ലൂം മാർക്ക് " കൈത്തറി വസ്തുങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ഹാന്റ്ലൂം മാർക്ക് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക കൈത്തറി സംഘങ്ങൾക്കും, ഹാന്റക്സിനും ഹാൻവീവിനും ആണ് കൈത്തറി വകുപ്പിൽ നിന്നുള്ള വിവിധ പദ്ധതികൾ വഴിയുള്ള ധനസഹായങ്ങൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നത്. കൂടാതെ ഹാന്റ്ലൂം മാർക്ക് പതിപ്പിച്ച ഉൽപ്പന്നങ്ങൾക്ക് മാത്രമേ റിബേറ്റ് നൽകി വരുന്നുള്ളൂ. കൈത്തറി ഡയറക്ടറേറ്റിൽ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. എല്ലാ പവർലൂം സംഘങ്ങളിലും പരിശോധന നടത്തി കൈത്തറി മേഖലയ്ക്കായി മാത്രം റിസർവ്വ് ചെയ്യപ്പെട്ട ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും അങ്ങനെ നിർമ്മിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിംഗ്, ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ ഇവ നൽകുന്നതു വഴിയും വ്യാജ ഉല്പന്നങ്ങളെ തടയുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ